**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായിരിക്കെ മരണമടഞ്ഞ സി.കുഞ്ഞാമുവിന്റെ മകനും ആശ്രിതനുമായ ശ്രീ.ജാസീർ ബീമാന് പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (എം.എസ്) നം. **178/2016/**തസ്വഭവ. തീയതി, തിരുവനന്തപുരം, **25.11.2016**

---

പരാമർശം :
1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.
2) ശ്രീ.ജാസീർ ബീമാന്റെ 26/04/2013 ലെ അപേക്ഷ
3) പഞ്ചായത്ത് ഡയറക്ടറുടെ 16/03/2015 ലെ ഇ 3-36449/13 നമ്പർ കത്ത്.
4) കണ്ണൂർ ജില്ലാ കളക്ടറുടെ 23/05/2016 ലെ DCKNR/558/2016-A2 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായിരിക്കെ മരണമടഞ്ഞ സി.കുഞ്ഞാമുവിന്റെ മരണശേഷം മൂത്ത മകനായ ശ്രീ. ജാബിർബീമാൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ സൂക്ഷ്മ പരിശോധനയ്ക്കായി കണ്ണൂർ ജില്ലാ കളക്ടർക്ക് അയച്ചവേളയിൽ ആരോഗ്യ പരമായ കാരണങ്ങളാൽ തനിക്ക് ജോലിയ്ക്ക് പോകാൻ ബുദ്ധിമുട്ടുണ്ടെന്നും അതിനാൽ തന്റെ അനുജനായ ശ്രീ.ബി.ജാസിർ ബീമാനെ പ്രസ്തുത നിയമനത്തിനായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ ജില്ലാ കളക്ടർ മുഖേന സർക്കാരിൽ അപേക്ഷ നൽകുകയും ഇക്കാര്യം അപേക്ഷകൻ നേരിട്ട് സർക്കാരിനെ അറിയിക്കുകയും ചെയ്തു. തുടർന്ന് സി.കുഞ്ഞാമുവിന്റെ രണ്ടാമത്തെ മകനും ആശ്രിതനുമായ ശ്രീ.ജാസീർ ബീമാന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. പരേതനായ സി.കുഞ്ഞാമുവിന് 28 വർഷവും 27 ദിവസവും സേവന കാലമുണ്ട്.

കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായിരിക്കെ **15/12/2003** ലാണ് സി.കുഞ്ഞാമു നിര്യാതനാവുന്നത്. അപേക്ഷകനായ ശ്രീ.ജാസീർ ബീമാൻ പരേതന്റെ മകനാണ്. ടിയാൻ നിശ്ചിത സമയപരിധിയ്ക്കകം തന്നെ അപേക്ഷ നൽകിയിട്ടുണ്ട്.

അപേക്ഷകന്റെ ജനനതീയതി 20/10/1991 ആണ്. 25 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ എസ്.എസ്.എൽ,സി പരീക്ഷ പാസ്സായിട്ടുണ്ട്. എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാൻ അപേക്ഷിച്ചിരിക്കുന്നത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ട്.

(മറുപുറം...)

അപേക്ഷയോടൊപ്പം പരേതനായ സി.കുഞ്ഞാമുവിന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സേവന സാക്ഷ്യപത്രം, അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകന്റെ വരുമാന സർട്ടിഫിക്കറ്റ് , സത്യവാങ്മൂലം തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശിയുടെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്. ടിയാളുടെ കുടുംബവാർഷിക വരുമാനം 24,000//- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും കണ്ണൂർ ജില്ലാകളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായിരിക്കെ മരണമടഞ്ഞ സി.കുഞ്ഞാമുവിന്റെ ആശ്രിതനും മകനുമായ ശ്രീ.ജാസീർ ബീമാന് (ബീമന്റവിട ഹൌസ്, എ.ആർ. യു.പി സ്കൂളിന് സമീപം,മാട്ടൂൽ തെക്ക്, കണ്ണൂർ പിൻ- 670302) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പരാമർശം 1 സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ അടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് ഡയറക്ടർ മരണമടഞ്ഞ സി.കുഞ്ഞാമുവിന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെൻറ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമേശൻ. എം.കെ**

**ഗവ. ജോയിന്റ് സെക്രട്ടറി**

ശ്രീ.ജാസീർ ബീമാൻ, ബീമന്റവിട ഹൌസ്, എ.ആർ. യു.പി സ്കൂളിന് സമീപം,മാട്ടൂൽ തെക്ക്, കണ്ണൂർ പിൻ- 670302 (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
ജില്ലാ കളക്ടർ, കണ്ണൂർ
സെക്രട്ടറി, മാട്ടൂൽ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(EPA3/223/2016/LSGD)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ